# അക്കാദമിക് മാസ്റ്റർ പ്ലാൻ 2026–2027

<u>**ഗവൺമെന്റ് എൽ.പി.ബി.എസ് വെൺപകൽ**</u>

സ്കൂളിന്റെ പേര് : ഗവ എൽ പി ബി എസ് വെൺപകൽ

സ്ഥാപിച്ച വർഷം : 1894

മുൻസിപ്പാലിറ്റിയുടെ പേര് : അതിയന്നൂർ

ബി.ആർ.സി യുടെ പേര് : ബാലരാമപുരം

ജില്ലയുടെ പേര് : തിരുവനന്തപുരം

സബ്ജില്ലയുടെ പേര് : ബാലരാമപുരം

ഹെഡ്മിസ്ട്രസിന്റെ പേര് : സുജ എസ് കെ

മൊബൈൽ നമ്പർ : 9446477227

സീനിയർ അസിസ്റ്റന്റ് : ശ്രീസജ. ഡി. വി

ഇമെയിൽ ഐഡി : govtlpbsvenpakal@ mail.com

സ്കൂൾ കോഡ് : 44218

താലൂക്കിന്റെ പേര് : നെയ്യാറ്റിൻകര

# ആമുഖം

132 വർഷങ്ങൾക്ക മുൻപ് 1894-ആം ആണ്ട് ഈ സ്കൂൾ ആരംഭിച്ചു. മുൻകാലത്ത് ഈ സ്കൂൾ ചിന്നമർത്താണ്ഡൻ പുതുക്കരഎന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ ബാലരാമപുരം ഉപജില്ലയിലെ അതിയന്നൂർ പഞ്ചായത്തിൽ ഭാസ്ക്കർ നഗർ  വാർഡിലാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്.

അന്നത്തെ ചില സാമൂഹിക പ്രവർത്തകരുടെ പ്രേരണ കൊണ്ടാണ് ഈ സ്കൂൾ ഗവ. എൽ. പി. ബി. എസ്. വെൺപകൽ എന്ന പേരിൽ ആയിത്തീർന്നത്. ദരിദ്രരായ കർഷകരും ഇല്ലിപ്പണി കാരായ തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ മക്കൾക്ക് ഏക ആശ്രയം ഈ സ്കൂൾ തന്നെയായിരുന്നു. ആദ്യകാലങ്ങളിൽ ആൺകുട്ടികൾക്ക് മാത്രമാണ് പ്രവേശനം നൽകിയിരുന്നത്. പിന്നീട് പെൺകുട്ടികൾക്കും പ്രവേശനം നൽകി.

ഈ സ്കൂളിൽ ഹെഡ്മിസ്ട്രസിനെ കൂടാതെ 2 അധ്യാപകരും ഒരു പി.ടി.സി.എം. ഉം സേവനം അനുഷ്ഠിക്കുന്നു. സ്കൂളിന് സ്വന്തമായി 67 സെന്റ് സ്ഥലവും 2 ഷീറ്റിട്ട കെട്ടിടവും ഉണ്ട്. ധാരാളം മരങ്ങളുള്ള സ്കൂൾ പരിസരം കുട്ടികൾക്ക് പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം ഒരുക്കുന്നു. സ്കൂൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് കുട്ടികളുടെ എണ്ണത്തിലെ കുറവ്. പൊതുവിദ്യാലയത്തോട് പുറം തിരിഞ്ഞ് നിൽക്കുന്ന പൊതു സമൂഹത്തിന്റെ കാഴ്ചപ്പാട് മാറ്റിയാൽ മാത്രമേ ഇതിന് പരിഹാരം ഉള്ളൂ. 2026-27 അധ്യയന വർഷത്തിൽ സ്റ്റാൻഡേർഡ് 1 മുതൽ 4 വരെ 5 കുട്ടികളും നേഴ്സറിയിൽ 7 കുട്ടികളും ഉണ്ട്. ഐ. ടി. അധിഷ്ഠിത പഠനത്തിലൂടെ കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും ലഭ്യമാണെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുക.
- ക്ലാസ് മുറികളിൽ ഐ.സി.ടി. സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുക.
- ഓരോ വിഷയത്തിലും മികവാർന്ന പ്രകടനം കാഴ്ചവയ്ക്കുന്നതിനായി വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
- കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി ക്ലാസ് ലൈബ്രറി വിപുലീകരിക്കുക.
- കുട്ടികളുടെ കായികമാനസിക വികാസത്തിനായി സുസ്ഥിര പരിശീലനം നടപ്പിലാക്കുക.
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ആണ് പ്രധാനത്തിനെ വെണ്ടുന്ന പ്രവർത്തനങ്ങൾ നൽകി കൊണ്ട് പൊതു വിദ്യാലയങ്ങളിലോട്ട് കുട്ടികളെ ആകർഷിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.

# അധ്യാപകരും വിവരങ്ങളും

| Name of Teachers | Designation | Responsibility |
|---|---|---|
| Suja S.K. | Headmistress | |
| Sreesaja D.V. | P D Teacher | SRG Convenor<br>Gandhidarshan<br>Noon meal |
| Athulya Misihadas | LPST | PSITC<br>Vidyarangam |
| Girija Kumari K. | Pre. Primary | |

# <u>നിലവിലുള്ള ഭൗതിക സാഹചര്യം</u>

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ്സ് മുറി | 4 | |
| കളിസ്ഥലം | | 1 |
| ലൈബ്രറി | 1 | |
| കമ്പ്യൂട്ടർ ലാബ് | | 1 |
| ലാപ്ടോപ്പ് | 1 | 2 |
| പ്രൊജക്ടർ | 1 | 1 |
| കിണർ | 2 | |
| ചുറ്റുമതിൽ | പൂർണ്ണം | |
| അടുക്കള | 1 | |
| സ്റ്റേജ് | | 1 |
| ടോയ്ലറ്റ് | 2 | |

# <u>ഭാഷ</u>

- അക്ഷരങ്ങളും ചിഹ്നങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ മുതലായവ ആവശ്യാനുസരണം കൃത്യതയോടും സൂക്ഷ്മതയോടും ഉപയോഗിക്കാനുള്ള ശേഷിയും നൈപുണികളും നേടുക.
- ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കുക.
- സർഗാത്മക ചിന്ത വളർത്തുന്ന രചനകളിൽ ഏർപ്പെടുക.
- അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുക.
- സാഹിത്യ രചനകളിൽ ഏർപ്പെടുക.
- ഭാഷാകളരി - പാട്ടുകളും കഥകളുമായി കുട്ടികളെ അണിനിരത്തി സംഘടിപ്പിക്കുക.
- ലഘുപ്രതിപ്പുകൾ തയ്യാറാക്കുക.
- സാഹിത്യ പ്രതിഭകളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം.

# പ്രവർത്തനങ്ങൾ

- ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ, ബാലമാസികകൾ കുട്ടികൾ വായിക്കുന്നു. അധ്യാപകർ കഥാഭാഗം വായിച്ച് അവതരിപ്പിച്ച് കുട്ടികളെ താത്പര്യം ഉള്ളവരാക്കി മാറ്റുന്നു.
- ബാലസഭകളിൽ കഥ അവതരണം.
- അക്ഷരം എഴുത്ത്, ചിഹ്നങ്ങൾ ഉറപ്പിക്കുക, അക്ഷരകാർഡ് വാക്യങ്ങൾ എഴുതിയകാർഡ്.
- അക്ഷരകാർഡ് നൽകി ആവശ്യപ്പെടുന്ന അക്ഷരം തെരഞ്ഞെടുക്കൽ.
- അക്ഷരപ്പാട്ട് നിർമ്മാണം, വാക്കുകൾ നിർമ്മാണം വാക്യങ്ങൾ നിർമ്മിക്കൽ.
- വായനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കും.
- കഥാചാർട്ടുകളിൽ നിന്ന് കുട്ടികൾ സ്വന്തമായി കഥ പറയുന്നു., എഴുതുന്നു.
- ക്ലാസ് ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു.
- പുസ്തകം ശേഖരിച്ച് നൽകുന്നു.

# ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

- മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷിൽ സംസാരിക്കാനും, വായിക്കാനും എഴുതാനും കഴിയുക.
- നേഴ്സറി മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഇംഗ്ലീഷ് പഠനത്തിൽ താല്പര്യം ജനിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരമൊരുക്കൽ.

## പ്രവർത്തനങ്ങൾ

- നേഴ്സറി ക്ലാസ് മുതൽ ഇംഗ്ലീഷ് പാട്ടുകൾ കേൾക്കാനും കഥകൾ കേൾക്കാനും (ഐ.സി.ടി. സഹായത്തോടെ) കളികളിൽ ഏർപ്പെടാനും അവസരം ഉണ്ടാക്കുക.
- എല്ലാ ക്ലാസ്സിലും ഓരോ യൂണിറ്റിനൊപ്പം അതേ ആശയങ്ങൾ കൊള്ളുന്ന കഥകൾ, കവിതകൾ കേൾക്കാനും പറയാനും അവസരം ഉണ്ടാക്കുന്നു.
- ഇംഗ്ലീഷ് ബുക്കുകൾ, വാർത്തകൾ, മാഗസിനുകൾ എന്നിവ ക്ലാസ്സിൽ ക്രമീകരിക്കുന്നു.
- ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling).
- കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനമൂല ഒരുക്കൽ.

# ഗണിതം

## ലക്ഷ്യങ്ങൾ

- ദൈനംദിന ജീവിത പ്രശ്നങ്ങൾ  പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന്
- സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക
- ചതുഷ്ക്രിയകൾ  ഉൾപ്പെടുന്ന പ്രവർത്തനങ്ങളിൽ താൽപ്പര്യപൂർവ്വം പങ്കെടുക്കുക.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് കുട്ടിയെ വളർത്താൻ കഴിയുക.
- കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ

## പ്രവർത്തനങ്ങൾ

- പ്രായോഗിക പ്രശ്നങ്ങളുമായി  ബന്ധപ്പെട്ട് നേരനുഭവം ലഭിക്കാൻ കുട്ടികട നടത്തുന്നു
- സംഖ്യാബോധം ഉറപ്പിക്കൽ
- സംഖ്യാറിബൺ , സംഖ്യാകാർഡ്, തയ്യാറാക്കുന്നു
- പാറ്റേൺ രൂപീകരണം, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ ഗണിതകളികളിലൂടെ ഉറപ്പിക്കുന്നു
- ഗണിത പഠനോപകരണങ്ങളുടെ നിർമ്മാണം, ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം
- ജിയോജിബ്ര പരിചയപ്പെടുന്നു. രൂപങ്ങൾ നിശ്ചിത അളവിൽ വരയ്ക്കുന്നു
- ഗണിത മാഗസിൻ
- ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)
- ഒരിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം
- ഗണിത ചുമർ ഒരുക്കൽ

# പരിസര പഠനം

## ലക്ഷ്യങ്ങൾ

- ശാസ്ത്രീയ മനോഭാവം കുട്ടികളിൽ വളർത്തുന്നു.
- ശാസ്ത്ര പഠനം ജീവിതബന്ധിയാക്കുക.
- സാമൂഹികനൈപുണികളുടെ വികാസത്തിന് അവസരമൊരുക്കുന്നു.
- സമാധാനം പരസ്പരസ്നേഹം എന്നിവ നിലനിർത്താനുള്ള മനോഭാവം വികസിപ്പിക്കുകയും അതിനായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.
- ആഹാരരീതികളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്.

## പ്രവർത്തനങ്ങൾ

- ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിക്കൽ പ്രത്യേകതകൾ പട്ടികപ്പെടുത്തി നിഗമനങ്ങൾ രൂപീകരിക്കൽ.
- ശാസ്ത്രദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.
- സാമൂഹിക ചുറ്റുപാടും നിരീക്ഷിക്കൽ നിഗമനങ്ങൾ രൂപീകരിക്കൽ.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ, പതിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു.
- കായിക, മാനസിക ഉല്ലാസത്തിന് സുസ്ഥിര പരിശീലനം.
- ഭക്ഷ്യമേള- പ്രദർശനം, നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും.
- കർഷകരുമായി അഭിമുഖം, കൃഷിയിലേക്ക് - നമുക്കും കർഷകരാകാം.

# ഉപസംഹാരം

കേരളത്തിലെ വിദ്യാഭ്യാസ മേഖല ഇന്ന് മുന്നേറ്റത്തിൽ എത്തി നിൽക്കുന്നു. നവീനമായ ആശയങ്ങളിലൂടെ മാതൃകപരമായ കർമ്മപദ്ധതികൾ ഏറ്റെടുത്ത് ഓരോ വിദ്യാലയത്തെയും മികച്ചതാക്കാം. ഓരോ വിദ്യാർത്ഥിയുടെയും വ്യക്തിവ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് അവരെ സമൂഹത്തിൽ ഉത്തമ പൗരന്മാരായി വളർത്തിയെടുക്കാൻ നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കാം.